# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-5273 24.10.2011-ൽ മറുപടിക്ക്

## യുവകർമ്മസേന രൂപീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം. പി. വിൻസെന്റ് | കുമാരി പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും<br>വകുപ്പുമന്ത്രി) |
| (എ) യുവകർമ്മസേന രൂപീകരിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി; | (എ) സന്നദ്ധ സേവനവും ദുരിത നിവാരണവും സംബന്ധിച്ച് സംഘടിപ്പിച്ച ജില്ലാതല പരിശീലന ക്യാമ്പുകളിൽ പങ്കെടുത്തവരിൽ യുവകർമ്മ സേനാംഗമായി തുടരാൻ ആഗ്രഹിക്കുന്നവരെ ഉൾപ്പെടുത്തി യുവകർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. ഇവരിൽ നിന്ന് തെരഞ്ഞെടുത്ത 30 പേരെ ഉൾപ്പെടുത്തി സംസ്ഥാനതല പരിശീലനം രണ്ട് മേഖലകളിലായി സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) ബോർഡ് സംഘടിപ്പിച്ച പരിശീലന ക്യാമ്പുകൾ എത്രത്തോളം വിജയകരമായിരുന്നു; വിശദമാക്കുമോ; | (ബി) കോഴിക്കോടും കോട്ടയത്തും വച്ച് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച മേഖലാ പരിശീലന ക്യാമ്പുകളിൽ 600 പേരോളം പങ്കെടുത്തിരുന്നു. പങ്കാളിത്തംകൊണ്ടും പരിശീലനത്തിനായി തെരഞ്ഞെടുത്ത വിഷയങ്ങളുടെ ഫലപ്രദമായ അവതരണം കൊണ്ടും പ്രസ്തുത ക്യാമ്പുകൾ വിജയകരമായിരുന്നു. |
| (സി) പരിശീലന ക്യാമ്പുകളുടെ ലക്ഷ്യം എന്തായിരുന്നു? | (സി) സന്നദ്ധ സേവന രംഗത്തും, ദുരന്ത നിവാരണ രംഗത്തും സജീവമായി ഇടപെടുന്നതിന് യുവജനങ്ങളെ ശാസ്ത്രീയമായി തയ്യാറാക്കുന്നതിനും അടിയന്തിര ഘട്ടങ്ങളിൽ സമൂഹത്തിനും ഭരണ സംവിധാനത്തിനും സഹായകമായ രീതിയിൽ പ്രവർത്തിക്കുന്നതിനും യുവാക്കളെ സജ്ജരാക്കുക എന്നതായിരുന്നു ലക്ഷ്യം. |

സെക്ഷൻ ഓഫീസർ